# ശംഖൊലി 2019

V.G.S.S.A.H.S.S NEDIYAVILA

little KITEs

ലിറ്റിൽ കൈറ്റ്സ്

ഹൈടെക് വിദ്യാലയങ്ങളിലെ

കുട്ടികളുടെ

## ഐ.ടി കൂട്ടായ്മ





# സമർപ്പണം

അക്ഷരങ്ങളെ സ്നേഹിക്കുകയും

ആദരിക്കുകയും ചെയ്യുന്നവർക്ക്

സംസ്കാര സമ്പന്നമായ

സാമൂഹ്യ സൃഷ്ടിക്കായി

അക്ഷരങ്ങളെ ആയുധമാക്കിയവർക്ക് ...

പിന്നെ ,

ഈ നാടിന്റെ സമത്വം സ്വപ്നമാക്കി

മറഞ്ഞുപോയവർക്കും ...

പോരാടിജയിച്ചവർക്കും ...

നീർക്കുമിളകൾ പോലെ

പൊയ്പ്പോയ കുരുന്നു ബാല്യങ്ങൾക്കും ...

# നാന്ദി ....

അനശ്വരമായ ജീവിത
സംസ്കാരം ,കെട്ടിപ്പടുക്കുവാനുള്ള അടിത്തറയാണ്
വിദ്യാലയം . രാജ്യത്തിന്റെ ഐക്യവും ശ്രേയസ്സും
കാത്തുസൂക്ഷിക്കേണ്ടത് നാളെയുടെ വാഗ്ദാനങ്ങളായ
വിദ്യാർത്ഥികളാണ് ... ഭൂതകാലത്തിന്റെ പരിമളവും
വർത്തമാനകാലത്തിന്റെ നവോന്മേഷവും
തിരിച്ചറിയുകയും ഭാവിയെ
ദീർഘവീക്ഷണത്തോടുകൂടി നോക്കിക്കാണുകയും
ചെയ്യുന്ന ഒരു സമൂഹത്തെ വാർത്തെടുക്കേണ്ടത്
അധ്യാപകരുടെയും രക്ഷിതാക്കളുടെയും കടമയാണ് .
സാമൂഹ്യപ്രതിബദ്ധതയുള്ള വിദ്യാർഥി സമൂഹത്തിന്റെ
തിരുപ്പിറവിക്കായി കാതോർക്കുന്ന
ജനസംസ്കൃതിയുടെ ഹൃദയസ്പന്ദനങ്ങൾ തൊട്ടറിഞ്ഞ
ഒരു സരസ്വതീക്ഷേത്രത്തിന്റെ സ്വപ്നങ്ങളുടെ
മയിൽപ്പീലിത്തുണ്ടാണ് **ശംഖൊലി ...**
ഇത് നിങ്ങൾ സ്വീകരിച്ചാലും ...
സ്നേഹാദരങ്ങളോടെ



ആർ. ലേഖ
പ്രിൻസിപ്പൽ



കെ. ജയ
പ്രഥമാദ്ധ്യാപിക



കെ. ദിവ്യ
ലിറ്റിൽ കൈറ്റ് മിസ്ട്രസ്



ശ്യാമാദേവി എസ്
ലിറ്റിൽ കൈറ്റ് മിസ്ട്രസ്


KASINADHAN


KARTHIK UDAY


AKHIL. R PILLAI


ALTHAF. S


LEKSHMI. S.R


KAILAS G.S


ADITHYA

## Table of Contents

എന്റെ വിദ്യാലയം......6
അനാഥമാക്കപ്പെടുന്നജീവിതം......7
സാക്ഷി......8
ഞാണിന്മേൽ കളി......9
My Mother......10
My friend......11
Darkness of Love......12
......13
माँ प्यारी माँ......13
The flood faced by Kerala......14
Life of dona......15
The winning......16
Water Conservation......17
......18
Ashok's win......18
സംസ്കൃത പ്രഭാഷണം......19
ഭാരതസ്യ അദ്യതന സമസ്യാ......19
ഗണിത കൗതുകങ്ങൾ......20
Pinky is a winner......21
കുഞ്ഞുവരകൾ......22
ഈ വർഷത്തെ പ്രവർത്തനങ്ങൾ......23
ജൈവ വൈവിധ്യ സംരക്ഷണം......25
വായനാവസന്തം......26
കലാകായിക പ്രവർത്തനങ്ങൾ......27
നന്മ ക്ലബ്......28
......29
ശാസ്ത്രചെപ്പ്......29
സ്കൗട്ട് ആൻഡ് ഗൈഡ്......30
ക്ലബ്ബ് പ്രവർത്തനങ്ങൾ......31
നന്ദി......34

# എന്റെ വിദ്യാലയം

കൊല്ലം ജില്ലയിൽ, കുന്നത്തൂരിന്റെ സാംസ്കാരിക തനിമയ്ക്ക് നിറച്ചാർത്ത് പകരുന്ന, നെടിയവിള ഭഗവതിയുടെ സാമീപ്യം കൊണ്ട് പരിപാവനമായ അംബികോദയം ഹയർ സെക്കൻഡറി സ്കൂളിന്റെ ചരിത്രത്തിലൂടെ ഒരു യാത്ര
പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സാധ്യമാകുന്ന എന്ന ലക്ഷ്യത്തോടുകൂടി, വിദ്യാഭ്യാസ രംഗത്ത് കാലികമായ മാറ്റം ലക്ഷ്യമിട്ടു കൊണ്ട്, അറിവിന്റെയും അക്ഷരത്തിന്റെയും പൊൻ വെളിച്ചം തലമുറകൾക്ക് പകർന്നു നൽകിക്കൊണ്ടിരിക്കുന്ന സരസ്വതീ ക്ഷേത്രമാണ് അംബികോദയം ഹയർ സെക്കന്ററി സ്കൂൾ. 1962-ൽ അപ്പർ പ്രൈമറി സ്കൂളായി ആരംഭിച്ച് 1976-ൽ ഹൈസ്കൂളായും 2000-ത്തിൽ ഹയർ സെക്കന്ററി സ്കൂളായും ഉയർത്തപ്പെട്ട് നാളിതുവരെ സാഭിമാനം തലയുയർത്തി നിൽക്കുന്ന ഈ സ്കൂളിൽ 1500-ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. പാഠ്യ പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങളിലും മികവു പുലർത്തി, പല മേഖലകളിലും അസൂയാർഹമായ നേട്ടം കൈവരിക്കാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

# അനാഥമാക്കപ്പെടുന്നജീവിതം

"ഉണ്ണീ " എന്ന അമ്മയുടെ വിളി  കേട്ട് ഞെട്ടിയുണർന്നവൻ ചുറ്റും നോക്കി ഇല്ല, തന്റെ അമ്മായിവിടെ ഇല്ല... അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. പതിയെപ്പതിയെ അവൻ ഓർമകളുടെ ആഴത്തിലേക്കിറങ്ങാൻ തുടങ്ങി. നീലഗിരി എന്ന കൊച്ചു ഗ്രാമത്തിലാണ് ഉണ്ണിയുടെ ജനനം. ജനിച്ച നാൾ മുതൽ അച്ഛനെ കണ്ടിട്ടില്ല. അച്ഛനെപ്പറ്റി ചോദിക്കുമ്പോൾ കണ്ണീരാണ് അമ്മയുടെ മറുപടി.

അതിനാൽ അവൻ  ചോദിക്കാറില്ല. ഒരിക്കലും ഒരച്ഛന്റെ കുറവ് അവന് അനുഭവപ്പെട്ടിട്ടില്ല. അവനെ അത്രയ്ക്കും സ്നേഹമായിരുന്നു  അമ്മയ്ക്ക്. അമ്മ പലപ്പോഴും കരയുന്നത് എന്തിനെന്ന് അവനറിയില്ല. അമ്മ ജോലിക്ക് പോകുന്ന വീടുകളിലെല്ലാം തന്നെയും കൂടെ കൂട്ടാറുണ്ട് . അവൻ എപ്പോഴും അമ്മയെ കുറ്റപ്പെടുത്തുകയും വഴക്ക് പറയുകയുമൊക്കെ ചെയ്യും. അതെല്ലാം കേട്ട് അമ്മ തല കുനിച്ചു മിണ്ടാതെ നിൽക്കും. എന്നാൽ ആരെങ്കിലും തന്നെ ഉപദ്രവിക്കാൻ ശ്രമിക്കുകയോ  കുറ്റം പറയുകയോ ചെയ്താൽ അമ്മ അവരോട് വഴക്കിടും. ഒടുവിൽ അവിടെ നിന്നും മാറിപ്പോകും. മറ്റൊരു വീട്ടിൽ ചെല്ലും. അവിടെയും ഇതാവർത്തിക്കും. എനിക്ക് വേണ്ടി അമ്മ എത്രയോ വീടുകളിലെ ജോലി വേണ്ടെന്നു വച്ചു. പക്ഷെ ഒരിക്കലും അമ്മ തന്നെ കുറ്റപ്പെടുത്തുകയോ, വഴക്കുപറയുകയോ ചെയ്തിട്ടില്ല. അന്ന് ഉണ്ണിയുടെ അഞ്ചാം പിറന്നാളായിരുന്നു. അമ്മ അവന് പുതിയ ഉടുപ്പ് അണിയിച്ചു. മുടിയൊക്കെ ചീകി ഒതുക്കി..ഉണ്ണിക്കും സന്തോഷമായി. അമ്മ അവന്റെ കയ്യിൽ പിടിച്ചു കൊണ്ട് നടക്കാൻ തുടങ്ങി. എങ്ങോട്ടേക്ക്  പോകുന്നു എന്ന് താൻ ചോദിച്ചില്ല, അമ്മ പറഞ്ഞതുമില്ല. ഒടുവിൽ ആ നടത്തം അവസാനിച്ചത് ഈ 'ബാലഭവന്റെ ' മുൻപിലാണ്.

അമ്മ എന്നെ അവിടെ നിർത്തി എനിക്കൊരുമ്മ തന്നു. അപ്പോൾ അമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. "മോനിവിടെ നിൽക്ക് അമ്മ പോയിവരാം "എന്ന് പറഞ്ഞ് അമ്മ പോയി. അങ്ങനെ താൻ ഈ ബാലഭവനിലെ അംഗമായി മാറി. ഇവിടെയുള്ളവരൊക്കെ തന്നെ അനാഥനെന്ന് വിളിക്കും. ഇതിന്റെ അർത്ഥമെന്തെന്ന് അവന് അറിയില്ലായിരുന്നു. ഒരു ദിവസം അവൻ തന്റെ കൂട്ടുകാരനായ നന്ദുവിനോട് ഇതിന്റെ അർത്ഥം ചോദിച്ചപ്പോഴാണ് അവനത് മനസ്സിലായത്. അമ്മയോ അച്ഛനോ ബ ന്നെ എന്തിനാണ് എല്ലാവരും അങ്ങനെ വിളിക്കുന്നതെന്ന് ആ കുഞ്ഞു മനസ്സിന് അറിയില്ലായിരുന്നു. പക്ഷെ അവനുറപ്പുണ്ട് അവന്റെ അമ്മ വരും.....

ഗംഗാ ഗൗരി 10 A

**ഉറപ്പായും വരും........**

## സാക്ഷി

വേനൽ ചൂടിലും ഇല പൊഴിക്കാതെ
എൻ പ്രിയ പൈതങ്ങൾ തൻ
കാലൊച്ച കേൾക്കുവാൻ
അംബികോദയത്തിൽ തണലായ് നിൽപ്പൂ ഞാൻ
നെറുകയിൽച്ചൂടിയ നറു കുസുമങ്ങൾ
ആയുസറ്റു കൊഴിഞ്ഞു പോകുമ്പോഴും

എൻ പ്രിയ കിടാങ്ങൾക്കു വിദ്യ
ഏകുവാൻ കാത്തു വയ്ക്കുന്ന നൂതന മലരുകൾ

അന്ധകാരത്തിന്റെ വീഥിയിൽ നിന്നും
ജ്യോതിസ്സിന്റെ പാതയിലെത്തിച്ച്
വിജ്ഞാനദാഹിയായി മാറ്റി ഞാനെൻ മക്കളെ

വിദ്യയുമേകി, വിനയവുമേകി ഞാൻ
ഓടിത്തളർന്നെൻ മടിത്തട്ടിലമരുമ്പോൾ
ഒരു കുളിർത്തെന്നലായ് തൊട്ട് തലോടി ഞാൻ
നിന്നെക്കുറിച്ചുള്ള സ്വപ്നങ്ങളെന്നെന്നും
ഒരു പിടി മുത്തായ് ഞാൻ കാത്തു വയ്ക്കും
എൻ ഇളം തെന്നലിൽ നിന്നുറച്ച
കാൽവയ്പ്പുമായ് അംബികോദയത്തിൽ
പടികളിറങ്ങുമ്പോൾ നാടിന്റെ
കരുത്തുറ്റ മക്കളായ് മാറുവാൻ ആശിർവദിക്കുന്നു

ഞാനെൻ മക്കളെ.....

നന്ദി ഒരായിരം നന്ദി.....

പാർവ്വതി

പൂർവ്വവിദ്യാർത്ഥി

# ഞാണിന്മേൽ കളി

ഞാനെന്ന ഭാവം തീരെയില്ലാത്തവനാ
ണല്ലോ 'ഞാണെന്ന ' കുസൃതിക്കുറുമ്പൻ
ഞാണിന്റെ വ്യാസം വൃത്തത്തിലാണേ
നീളത്തിൽ ചെറിയവർ ദൂരെയാണെങ്കിലും
ഞാണിൽ വലിയവൻ കേന്ദ്രത്തിലാണേ
വ്യാസമെന്നാണവൻ പേരു ചോല്ലേണ്ടത്
വ്യാസമവൻ തൻ പകുതിയെടുത്താൽ
ആരമെന്നാകുമെന്റെ പേര്.
സമദൂരഞാണുകൾ നീളത്തിൽ തുല്യർ
കേന്ദ്രമതിലൂടെ ലംബം വരച്ചാൽ
തുല്യരാം ഞാണുകൾ സമഭാഗമായീടും
ഞാനെന്ന ഭാവം തീരെയില്ലാത്തവൻ
ആരുടെ മുന്നിലും തല കുനിക്കാത്തവൻ
എബൈബീയും സീബൈഡിയും
സമമായി വന്നിടുമ്പോൾ
ഏഡീ സമം ബീസി എന്നു
കിട്ടീടുമല്ലോ
ഛേദം നൂറായി വരുന്ന
ഭിന്നത്തിന്റെ അംശമല്ലോ
ശതമാനമെന്ന പേരിൽ അറിഞ്ഞീടുന്നു
ദശാംശ ഗുണിതം പത്തിൻ
ഗുണിതം കൊണ്ടായാൽ പൂജ്യ
ങ്ങളിൽ എണ്ണം സ്ഥാനം മാറ്റൂ
വലത്തോട്ട്

© Copyright 2011

# My Mother

Oh my mother!
There is no one like you
in the World
You are so sweet
Oh! Mother my mother
you are so nice
You are my Angel
You are so kind
Saves me from
Father's anger
I love you so much
Oh! my mother!

ABHIRAMI.D
VIII.B



# My friend

My friend is only mine.
She smiles at every aspect of life.
She cries at my faults.
She laughs at my jokes.
She claps at my victory.
She makes me feel so bad at my loss.
She shares with me everything.
She is my best friend.
She encourages me at every problems in life.
She looks like an Angel.
She is marvellous and beautiful.
She is my sweet friend.

Abhirami.D
VIII.B

# Darkness of Love

Once upon a time, there lived two lovers. They loved each other very much. They were Angelina and Williams.

One day in Angelina's house the news spread. Her father and mother questioned her as to why did she do it? Then she told them she loves Williams very much. But they didn't like Williams because his father beat Angelina's father in a situation. So her father didn't like him and also Williams hailed from a poor family.

Then they insisted her to break this relationship with Williams saying that he will not make her happy in future as he belongs to a poor family. They suggested that their friends son Johnson is very handsome and is very rich who will make her very happy in future.

Then she went to Williams House saying she wants to end their relationship. She no longer wants him in her life as her parents wouldn't accept this relationship. Later she got married to Johnson.

In that time, Williams became very sad. He lived her a lot. He loved her more than anything else. He went to an accident point and walked through it and at that time a car came and hit him. He died in that accident with undying love for her in his heart.

What a man was he?

By- Abhimanyu. V
8 B

# माँ  प्यारी माँ

माँ मेरी प्यारी माँ
माँ देती है मुझे सब कुछ
ध्यान रखती है  मेरा सब कुछ
माँ सदा दोस्त है मुझे

घर का दीपक है माँ
सब कुछ सहनेवाली है माँ
दौडते - दौडते  घर के सब काम
अकेली करती है माँ


अपने बच्चों को  माँ
कितनी प्यार करती..
बच्चे मान न करती वह
लेकिन एक दिन ज़रूर..

बचपन में मुझे कितनी
गीत सुनाती है माँ
कितनी कहानी सुनाती
कितनी खेल खिलाती..

यह सब  अब मैं
याद करती है कभी कभी
माँ भी याद करती है वह
कितना संदर पल था वह  ।

माँ कितनी प्यारी माँ
मुझे कितनी प्यार करती
सबको प्यार करनेवाली माँ
ऐसा रोज़ करती है तो ...

**APARNA**
**IX B**



# The flood faced by Kerala

At the begining of 15 august 2018 a flood attacked to the south Indian State Kerala .This flood affected a million of lifes.about 456 people were died and thousand of were wounded .

The overflow of rivers and landslide causes a heavy danger situation The road , rail and communication fecilities where blocked. Alappuzha, aluva, Pandanad , Pandalam, chalakudy , Aranmula .etc were the places the flood mostly affected . The sudden opening of dams of kerala affected the flow of rivers .due to this the river overflowed This was the heavy flood that happened after 1924..The Limited fecilities of Kerale affected .the resources of Kerala affected the rescue operation. The Indian forces such as Army, navy, airforce are joined in the rescue operation . They worked together for the rescue of Kerala .The helicopters and boats of navel and air force and the boats from coastal regions used for the rescue operation .

The group of fishermens from sea level regions Saved many lifes . about 500000 houses were destroyed partially and about 200000 houses destroyed totally . The kerala society stands together for the rescue operation without caste and belief differences . The agricultural and tourism sectors were destroyed. The three foruth part of kerala were destroyed . after the heavy flood there was a flow of money to the fund of the government .The Kerala government started a mission for the rebuilt of kerala .The mission was known as NAVA KERALA MISSION

by Devika Mohan
VIII B

# Life of dona

There Lived a farmer named George . He was a hard working manuan that village. His wife name was dona . she lead a lexurious life . George was a poor man.but dona didn't remember about this . He has a son he also lead a lexurious life .  dona didn't have any job . one day the farmer told that dona do you know any job .she said a lie that she didn't know any job  .she had a job in the past that she was a servant More refused the job. More didn't like her job. one day the son said that dad we have to call servant but he didn't ask any reply In the evening the farmer was very tired he asked for some water but dona told told that I'm watching the telivision  . The farmer feel a  heart pain and he died at the moment  .The farmer's wife and his son became poor and they were feel hungry but there was no food to eat  . The son lost his studies and dona begin to do servant Duty by this experience  they get a moral that didn't lead lexurial life

Vidya .s

VIII.B

## The winning

Once upon a time in a village, a mother & her daughter lived. They are very poor. Her daughter Asha was very clever .They lived in a rent house. One day Asha's mother became sick .After some days Tasha's mother died . The next morning, the house owner came and asked the child where is your mother? The child cried. The house owner was very rich and kind.He took asha to his home. The owner,s daughter ammu doesn't like asha. As ha studied well.one day the car traveled by them brought in an accident. Asha gave blood to ammu. After that they lost everything . They lived together in that house.

Gowripriya D.R
VIII B

# Water Conservation

Earth face so many pollutions like air pollution, water pollution, sound pollution etc.water is the major polluting substance today. It is essential for our life,but we are destroying it.saline water is more on earth.fresh water is in very small amout .The undesirable change s in the physical ,chemical and biological properties of water.prevention of water pollution is the biggest challenge of our society. Water is precious so protect it,

Mamatha. S
8 B



# Ashok's win

Once there lived a kind man named Ashok.His village was so beautiful.There are so many birds,flowers,rivers,ponds,gardens,etc...He was a doctor.One day Ashok went to a city for treat some children in the school of the city.He treat all the children in that school.One day a child fell down while playing.Everyone see it.But no one help.The blood flowed from the head of the child.That time Ashok came and take the child to the hospital.That doctors said that‘It was n chance to take him to his old life and take him to another hospital we think it will be better'.On the time Ashok came and said,'I am a doctor and can i try to help him?' After a thought the doctors said ok.Ashok entered the operation theatre and help the child.The child came to his life.This news spread and it heard Ashok's villagers.Everyone said to Ashok's mother that‘Ashok was the gift of God to you’.His mother became proud and so happiness.On the next day was a beautiful day.Ashok came to his village and everyone in the village appreciate him.They conducted a programme to appreciate him.At last he become the HERO of the village.

Lekshmi.S.R

VlII.B


## സംസ്കൃത പ്രഭാഷണം


### ഭാരതസ്യ അദ്യതന സമസ്യാ


സ്വതന്ത്രം ജനാധിപത്യ രാഷ്ട്രം ഭവതി ഭാരതം. കിന്തു ജനാധിപത്യമിതി പദസ്യ അന്തർധാരാ ഇദാനിം നഷ്ടപ്രായോ വർത്തതേ. പ്രായേണ സർവ്വ രാഷ്ട്രാണാം അംഗീകൃതാനി ധർമ്മാണി വർത്തെന്തെ.ഭാരതം തു മതേതര രാഷ്ട്രം ഭവതി. സർവ്വേഷാം മതാനാം സംസ്ഥാപനേ പരിപോഷണേ സ്വസ്യാരാധനാ സമ്പ്രദായെ ച സ്വാതന്ത്ര്യം: ഭാരതീയ ഭരണഘടനായാം വർത്തതേ . ഭാരതേ ഹൈന്ദവ ,ക്രൈസ്തവ ,ഇസ്ലാമിക ജൈനബുദ്ധാദി ധർമ്മാ: വർത്തന്തെ.മതാനാം അഭ്യുത്ഥാനെ മാനവികതാ നഷ്ടേ, ന ഭവേത് .ഭരണഘടനായാം വ്യവസ്ഥാപിതം "മതേതരത്വം" അസ്മാകം രാഷ്ട്രസ്യ ജീവനാഡി ഭവതി വിവിധധർമ്മാണാം സഹവർത്തിത്വമേവ മതേതരത്വസ്യ ആധാരഭൂതോ ഭവതി.: ജനനി ജന്മഭൂമിശ്ച സ്വർഗ്ഗാദപി ഗരിയസി-ഇതി ആദികാവ്യസ്യ രാമായണസ്യ ഉക്തി: പ്രസക്തമേവ. ഏവം.പേത് മാതൃഭൂതസ്യ ജന്മ ഭൂമേ: പീഡനം ഭവതി ആതംഗവാദ: അദ്യതന സമാജേ, അത്യന്തം ചർച്ചാ വിഷയോ ഭവതി (ആതംഗവാദ:). അയം വിഷയ: ഭാരതദേശസ്യ, പുഷ്പ വാടീ ഇതി പ്രസിദ്ധേ കാശ്മീര ദേശേ, ആവിർഭൂതാനി വിധ്വംസക പ്രവർത്തനാനി ഇദാനീം ഭാരതേ തത്ര തത്ര വ്യാപ്താ: വർത്തന്തെ.കേരളദേശേ, ആവിർഭൂതാ: സമീപകാല സമസ്യാ: ഏതത് സ്പഷ്ടീകരോതി.രാജ്യസ്നേഹം: ആചാരോ ന കിന്തു വികാര ഏവ വൈകാരികതാതു സഹിഷ്ണുതയാ സമചിത്തതയാ സഹ സംരക്ഷണീയാ. അതഃ ഭാരതസ്യ അഖണ്ഡതായൈ നാനാ ത്വേ ഏകത്വം ഇതി മഹത് വചനം സർവദാ ആദരണീയം പാലനീയം ച.

**Abhirami S**
**8 D**

## ഗണിത കൗതുകങ്ങൾ









# Pinky is a winner

One day pinky is walking on the road. She saw a notice. Pinky read the notice. She became very happy. She ran to her home and called Mom,....mom.......I was very happy today. Tomorrow there was a dance competition. I will join the dance competition. No, her mother said. Pinky became very sad. At night mother came to Pinky's room. But pinky was very sad. Mummy talk to pinky. You go and join to the dance competition. Thank you mummy. But one condition you must receive the prize of the dance competition okay mummy.. Good night. In the morning mother called pinky...Don't you go for dance? I wear my dress at 9pm the dance started. All of the children danced.At the time the master announce the result. Pinky is the winner. She became very happy. All of the villagers appreciated Pinky. She was the hero of the day.

Sreelekshmi.A
VIII B

## കുഞ്ഞുവരകൾ



കാർത്തിക് ഉദയ്   9B



ജിജോ രാജു 6C

# ഈ വർഷത്തെ പ്രവർത്തനങ്ങൾ



പരിസ്ഥിതി ദിനത്തിൽ എം.പി.റ്റി.എ പ്രസിഡന്റ് വൃക്ഷത്തൈ നടുന്നു







കുട്ടനാടിനൊരു കൈത്താങ്ങ് പദ്ധതിയുടെ ഭാഗമായി സമാഹരിച്ച സാധനങ്ങളുമായി എസ്.പി.സി യും നന്മ ക്ലബ്ബ് അംഗങ്ങളും.



ലിറ്റിൽകൈറ്റ് യൂണിറ്റിന്റേയും ഹൈടെക് ക്ലാസ്സ് റൂമിന്റേയും ഉദ്ഘാടനം **കൊടിക്കുന്നിൽ സുരേഷ് എം. പി** നിർവഹിക്കുന്നു






വായനാദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് നൽകിയ പുസ്തകങ്ങളുടെ വായനാക്കുറിപ്പുകളിൽ നിന്ന് തിരഞ്ഞെടുത്തവ പതിപ്പായി പ്രകാശനം ചെയ്യുപ്പോൾ




നന്മ പുരസ്കാരം ഏറ്റു വാങ്ങുന്നു



ലിറ്റിൽ കൈറ്റിന്റെ സബ്ജില്ലാ ക്യാമ്പ് എച്ച്. എം ജയടീച്ചർ ഉദ്ഘാടനം ചെയ്യുന്നു

## ജൈവ വൈവിധ്യ സംരക്ഷണം

കുട്ടികളിൽ പ്രകൃതി കാരുണ്യമുള്ള ഒരു ജീവിത വീക്ഷണം വളർത്തിയെടുക്കുകയും പ്രകൃതിയെയും ജൈവ വൈവിധ്യങ്ങളെയും സംരക്ഷിക്കേണ്ടത് മനുഷ്യന്റെ കടമയാണെന്ന് തിരിച്ചറിവുണ്ടാകുക എന്ന ലക്ഷ്യത്തോടെ സ്കൂളിലെ ജൈവവൈവിധ്യങ്ങളെ സംരക്ഷിക്കാൻ തീരുമാനിച്ചു. പരിസ്ഥിതി ക്ലബിന്റെ നേതൃത്വത്തിൽ ഔഷധസസ്യതോട്ടത്തിന് തുടക്കം കുറിക്കാൻ സാധിച്ചു.ഹരിത ക്ലബ്, SPC യൂണിറ്റ് എന്നിവയുടെ നേതൃത്വത്തിൽ പച്ചക്കറി കൃഷി ആരംഭിച്ചു. പൂന്തോട്ട നിർമ്മാണം എന്ന ലക്ഷ്യത്തോട്ട കൂടി പൂച്ചെടികൾ നട്ടു പിടിപ്പിച്ചു.കൂടാതെ സ്കൂളിലുള്ള അശോകം,വേപ്പ്, നെല്ലി, മാവ് തുടങ്ങിയവയെ സംരക്ഷിക്കാനും നിരീക്ഷിക്കാനും ക്ലാസ് തലത്തിൽ ജൈവവൈവിധ്യ രജിസ്റ്റർ സൂക്ഷിക്കാനും തീരുമാനിച്ചു

## വായനാവസന്തം



കുട്ടികളിൽ വായനാശീലം വളർത്തുകയും അതിലൂടെ സർഗ്ഗാത്മഗത, മാനവികത, മൂല്യബോധം എന്നിവ വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടി ക്ലാസ് ലൈബ്രറി രൂപീകരിച്ചു. യു.പി, ഹൈസ്കൂൾ വിഭാഗങ്ങളിൽ കുട്ടിലൈബ്രേറിയനെ നിയമിക്കുകയും പുസ്തക വിതരണ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. ക്ലാസ് തലത്തിലെ മികച്ച വായനാക്കുറിപ്പിന് സമ്മാനം നൽകാനും തീരുമാനിച്ചു. ഇതിനു മുന്നോടിയായി വായനാദിനം,വായനാവാരം, വായനാപക്ഷാചരണം എന്നിവ നടത്തുകയും മികച്ച വായനാക്കുറിപ്പിന് അസംബ്ളിയിൽ സമ്മാനം നല്കുകയും ചെയ്തു.

## കലാകായിക പ്രവർത്തനങ്ങൾ



സ്കൂളിൽ അക്കാദമിക പ്രവർത്തനങ്ങൾക്കൊപ്പം തന്നെ കലാകായിക പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നു. കായികാദ്ധ്യാപകന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് യോഗ പരിശീലനം നൽകി സ്പോർട്സിൽ മികച്ച പരിശീലനം നൽകിയതിന്റെ ഫലമായി സബ്ജില്ലാതലത്തിൽ ഓവറോൾ കിരീടം നേടാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞു.3 കുട്ടികൾ സംസ്ഥാന തലത്തിൽ പങ്കെടുക്കാൻ യോഗ്യത നേടി

# നന്മ ക്ലബ്



കുട്ടികളിൽ മാനവിക മൂല്യങ്ങൾ വളർത്തുകയും അവരിൽ നന്മയുടെ നറു തരികൾ തെളിയിക്കുകയും പ്രകൃതി കാരുണ്യമുള്ള ഒരു ജീവിത വീക്ഷണം വളർത്തിയെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടി സ്കൂളിൽ നന്മ ക്ലബ് രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കി വരുകയും ചെയ്യുന്നു കഴിഞ്ഞ നാല് വർഷമായി മാതൃഭൂമി- VKC നന്മ ക്ലബിന്റെ പ്രവർത്തനങ്ങൾ സ്കൂളിൽ നടന്നു വരുന്നു.കഴിഞ്ഞ വർഷം വിദ്യഭ്യാസ ജില്ലാ തലത്തിൽ നമ്മുടെ സ്കൂളിന് മൂന്നാം സ്ഥാനം ലഭിച്ചു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. ശ്രീമതി രാജേശ്വരിയമ്മ ടീച്ചറിന്റെ നേതൃത്വത്തിലുള്ള 50 കുട്ടികളടങ്ങിയ നന്മ ക്ലബ്ബിന്റെ പ്രവർത്തനം അഭിനന്ദനാർഹമാണ്

[

## ശാസ്ത്രചെപ്പ്



കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുകയും ശാസ്ത്രകൗതുകം വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടു കൂടി സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ നൂറ് ശാസ്ത്ര പരീക്ഷണങ്ങൾ നടത്താൻ സാധിച്ചു.പുസ്തകത്തിലെ പരീക്ഷണങ്ങൾ കൂടാതെ നിരവധി പരീക്ഷണങ്ങളിലേർപ്പെടാനും കുട്ടികൾക്കു സാധിച്ചു



## സ്കൗട്ട് ആൻഡ് ഗൈഡ്

സേവനസന്നദ്ധരുംദേശസ്നേഹികളും വർണ്ണവർഗ്ഗജാതിമതങ്ങൾക്കതീതമായി മാനവികത ഉൾക്കൊള്ളുന്ന ഉത്തമപൗരന്മാരായി വളരുവാൻ കുട്ടികളെ സജ്ജരാക്കുന്ന പ്രസ്ഥാനമാണ് ഭാരത് സ്കൗട്സ് & ഗൈഡ്സ്. ദീപക് കുമാർ, സന്ധ്യാ വിജയൻ, രജനി വി ആർ, അഖില.ആർ, ധന്യ എന്നിവരുടെ നേതൃത്വത്തിൽ ഗൈഡിംഗിന്റെ 6 യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

1909 ലാണ് ഇന്ത്യയിൽ സ്കൗട്ട് പ്രസ്ഥാനം തുടങ്ങിയത്. ക്യാപ്റ്റൻ ടി.എച്ച്. ബേക്കർ ബാംഗ്ലൂരിൽ രാജ്യത്തെ ആദ്യ സ്കൗട്ട് ട്രൂപ് ഉണ്ടാക്കി. പിന്നീട് പൂണെ , മദ്രാസ് , ബോംബെ , ജബൽപൂർ തുടങ്ങിയ സ്ഥലങ്ങളിലും സ്കൗട്ട് പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇവയെല്ലാംതന്നെ ബ്രിട്ടീഷുകാരുടെ കുട്ടികൾക്കും ആംഗ്ലോ-ഇന്ത്യൻ കുട്ടികൾക്കും വേണ്ടി മാത്രമുള്ളതായിരുന്നു. 1911 ൽ ജബൽപൂരിൽ ആദ്യത്തെ ഗൈഡ് കമ്പനി ഉണ്ടാക്കി. ഇന്ത്യക്കാരായ കുട്ടികൾക്കുവേണ്ടി മദൻ മോഹൻ മാളവ്യ , ഹൃദയ് നാഥ് ഖുൻസ്രു, ശ്രീറാം ബാജ്പായി തുടങ്ങിയവർ അലഹബാദ് കേന്ദ്രമാക്കി സേവ സമതി സ്കൗട്ട് അസോസിയേഷൻഎന്ന പേരിൽ ഒരു സംഘടന തുടങ്ങി.

## ക്ലബ്ബ് പ്രവർത്തനങ്ങൾ

### ലിറ്റിൽ കൈറ്റ്സ്



അറിവ് മറ്റൊരാളിൽ പകർന്ന്കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസ രംഗത്തെ തെല്ലൊന്നുമല്ല മാറ്റിമറിച്ചത്.ഇതിന്റെ ഫലമായി പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകളുടെ വിനിമയത്തിനപ്പുറം അധ്യാപകന്റെയും വിദ്യാർത്ഥിയുടെയും സജീവവും സമ്പൂർണ്ണവുമായ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനാധിഷ്ഠിതവും ശിശുകേന്ദ്രീകൃതവുമായ ഒരു വിദ്യാഭ്യാസ പ്രക്രിയ രൂപപ്പെട്ടു വന്നിട്ടുണ്ട്. വിവരവിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്ക് വഹിക്കാനാകും എന്ന ബോധ്യത്തിൽ നിന്നാണ് പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ നാം നിരന്തരം ശ്രമിക്കുന്നത് ഇതിന്റെ തുടർച്ചയായാണ് സാങ്കേതിക വിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ലിറ്റിൽ കൈറ്റ്സ് എന്ന കുട്ടികളുടെ ഐ.ടി കൂട്ടായ്മ ഹൈടെക് പദ്ധതിയിലൂടെ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്നത്

## എസ്. പി. സി



**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 2011 ൽ സ്കൂളിൽ ആരംഭിച്ചു.** രണ്ട് ബാച്ചുകളിലായി 86 കുട്ടികൾ ഉണ്ട്. എസ്. പി. സി. പദ്ധതി കേഡറ്റുകളുടെ സമഗ്ര പുരോഗതി ലക്ഷ്യം വച്ച് പ്രവർത്തിക്കുന്നു. എഴുത്തു പരീക്ഷയുടെയും കായിക പരീക്ഷയുടെയും അടിസ്ഥാനത്തിൽ എട്ടാം ക്ളാസിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും 22 ആൺ കുട്ടികളെയും 22 പെൺകുട്ടികളെയും തെരഞ്ഞെടുക്കുന്നു. 2 വർഷമാണ് കേഡറ്റുകളുടെ പരിശീലന കാലയളവ്. മോട്ടോർ വാഹന വകുപ്പ്, ഫോറസ്റ്റ്, എക്സൈസ്, പോലീസ്, തദ്ദേശ സ്വയംഭരണം മുതലായ വിവിധ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എസ്. പി. സി. പദ്ധതി കുട്ടികളെ കാര്യപ്രാപ്തിയും, രാജ്യസ്നേഹവും, പൗരബോധവും, സേവനസന്നദ്ധതയുമുള്ള വ്യക്തികളാക്കി വളർത്തിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. Friends at home, Nature Camp, ശുഭ യാത്ര മുതലായ വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ബുധനാഴ്ചകളിലും ശനിയാഴ്ചകളിലും പി. റ്റി. പരേഡും പരിശീലനങ്ങൾ ക്ക് ശ്രീ ജോർജ്ജ് കുട്ടി, ശ്രീമതി മേരി ഹെലൻഎന്നിവർ നേതൃത്വം നൽകുന്നു. സി. പി. ഒ. ആയി ശ്രീ. ശ്രീരാജും, എ.സി.പി.ഒ. ആയി ശ്രീമതി. പ്രസീദയും സേവനമനുഷ്ഠിക്കുന്നു. എസ്. പി. സി. കേഡറ്റുകൾക്കായി 3 ദിവസം വീതമുള്ള ഓണം, ക്രിസ്തുമസ്, മധ്യവേനൽ അവധി ക്യാമ്പുകൾ നടത്തപ്പെടുന്നു. സീനിയർ കേഡറ്റുകളിലെ തെരഞ്ഞെടുക്കപ്പെട്ടവർ 5 ദിവസത്തെ ജില്ലാക്യാമ്പുകളിൽ പങ്കെടുക്കുന്നു. 2017-18 ലെ എസ്.എസ്.എൽ. സി. പരീക്ഷയിൽ 15 കേഡറ്റുകൾക്ക് എല്ലാവിഷയങ്ങൾക്കും A+ ലഭിച്ചു. എല്ലാ വർഷവും തിരുവനന്തപുരത്തുവച്ചു നടക്കുന്ന സ്റ്റേറ്റ് ക്യാമ്പിൽ പങ്കെടുക്കുന്നതിനായി സീനിയർ കേഡറ്റുകളിലെ രണ്ടു കേഡറ്റിനെ വീതം തെരഞ്ഞെടുത്തയക്കുന്നു.

## ജൂനിയർ റെഡ്ക്രോസ്



2009-2010

അദ്ധ്യന വർഷത്തിലാണ് സ്കൂളിൽ ജൂനിയർ റെഡ്ക്രോസ് നിലവിൽ വന്നത്. ഗിരീഷ് സാറാണ് സ്കൂളിൽ ജൂനിയർ റെഡ്ക്രോസിന്റെ ആദ്യത്തെ കൗൺസിലർ. ഇപ്പോൾ ജെ. ആർ സി യുടെ കൗൺസിലർ ധനീഷ് സാറാണ്. പരസ്പര സഹകരണം സഹജീവികളെ സഹായിക്കുക ദുരിതമനുഭവിക്കുന്നവർക്കു വേണ്ടി സഹായങ്ങൾ നൽകുക, സമാധാനം നിലനിർത്തുക, ക്ഷമ ശീലമാക്കുക, സ്നേഹം, സാന്ത്വനം ഇവയൊക്കെയാണ് ജൂനിയർ റെഡ്ക്രോസിന്റെ ഉദ്ദേശലക്ഷ്യങ്ങൾ.

അന്തർദേശീയ റെഡ്ക്രോസ് സൊസൈറ്റിയുടെ ഉദാത്തമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും യുവതലമുറയിൽ സേവനസന്നദ്ധത , സ്വഭാവ രൂപവത്കരണം, ദയ, സ്നേഹം, ആതുരശുശ്രൂഷ, വിദ്യാഭ്യാസപ്രചാരണം എന്നീഉത്കൃഷ്ടാദർശങ്ങൾ രൂഢമൂലമാക്കുന്നതിനും വേണ്ടി രൂപീകരിച്ച ഒരു സംഘടനയാണ്ജൂനിയർറെഡ്ക്രോസ്. ഇത് തികച്ചും ജാതി മത വർഗ്ഗ രാഷ്ട്രീയേതരമായും നിഷ്പക്ഷമായും പ്രവർത്തിക്കുന്നതാണ്. മാതൃ സംഘടനയെപോലെ ലോകത്തിന്റെ എല്ലാ ഭാഗത്തും ജൂനിയർറെഡ്ക്രോസിന് ശാഖകളുണ്ട്. മഹാനായ ജീന് ഹെന്റി ഡുനാന്റിൻ സോൾഫെറിനോ യുദ്ധം നല്കിയപ്രചോദനം റെഡ്ക്രോസിനു രൂപംനല്കിയെങ്കില് ഒന്നാംലോകമഹായുദ്ധകാലത്തെ മനുഷ്യക്കുരുതിയുടെ കഥ കാനഡയിലെ ബാലികാബാലന്മാരുടെ കണ്ണുതുറപ്പിക്കാൻ പോന്നവയായിരുന്നു. യുദ്ധത്തിൽ മുറിവേറ്റു കിടക്കുന്ന ഭടൻമാരെ ശത്രു മിത്ര ഭേദം കൂടാതെ സഹായിക്കുന്ന റെഡ് ക്രോസിന്റെ പ്രവർത്തനങ്ങൾക്ക് കുട്ടികളുടെ സംഭാവന വിലപ്പെട്ടതായിരുന്നു. ഭടന്മാർക്ക് പ്രഥമ ശുശ്രൂഷ നൽകാൻ ആവശ്യമായ ബാന്റേജും മറ്റു വസ്തുക്കളും ശേഖരിച്ചു നൽകുവാൻ ആ കുട്ടികൾ കാണിച്ച സേവന സന്നദ്ധത മുതിർന്നവരെപ്പോലും അത്ഭുതപ്പെടുത്തി. നാളത്തെ വാഗ്ദാനങ്ങൾ ഇന്ന് സേവനത്തിന്റെ പാഠങ്ങൾ ഗ്രഹിച്ചാൽ ലോകത്തെ ദുരിത വിമുക്തമാക്കാൻ കഴിയുമെന്ന് അനുഭവ സമ്പന്നയായ ക്ലാര ബർറ്റൻ എന്ന മഹതി മനസ്സിലാക്കി. കുട്ടികളുടെ ഉത്സാഹം പ്രവർത്തന മണ്ഡലത്തിലേക്ക് തിരിച്ചു വിടാൻ വേണ്ടി 1920 ൽ അവർ ജൂനിയർ റെഡ് ക്രോസ്സിനു രൂപം നൽകി. മനുഷ്യ സ്നേഹികളായ ഉത്തമ പൗരന്മാരെ വളർത്തിയെടുക്കുന്ന ജൂനിയർ റെഡ് ക്രോസ്സിൻറെ അംഗങ്ങൾ ആവുന്നത് ഒരു അഭിമാനം ആയി കണക്കാക്കാം. ഇതിൻറെ കൊടിക്കീഴിൽ അണി നിരക്കാം . ദുരിതത്തിന് എതിരായ സമരം നിരന്തരമായിരുക്കുന്നിടത്തോളം റെഡ് ക്രോസ് മാനവ രാശിയുടെ ഒരാവശ്യമായിരിക്കും.

# നന്ദി

"ശംഖൊലി" എന്ന സ്വപ്നത്തെ

യാഥാർത്ഥ്യമാക്കാൻ യത്നിച്ച

കൊച്ചുകൂട്ടുകാർക്ക്

സർഗ്ഗവൈഭവത്തിന്റെ നക്ഷത്രവിസ്മയങ്ങൾ

പകർന്ന് ശംഖൊലിയെ കൂടുതൽ

വർണ്ണാഭമാക്കിയ കുഞ്ഞുപ്രതിഭകൾക്ക്.....

ധീഷ്ണയുടെയും സംസ്കൃതിയുടെയും ഭൂമികയിൽ

നിന്ന് ഖനനം ചെയ്തെടുത്ത ഓർമ്മകൾക്ക്

നിറച്ചാർത്തേകിയ സാഹിത്യപ്രതിഭകൾക്ക്.....

നന്മനിറഞ്ഞമനസ്സുകൾക്ക്..

ഒത്തിരി ഒത്തിരി നന്ദിയോടെ.....



സസ്നേഹം,

എഡിറ്റർ

കൈലാസ് ജി. എസ്